**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **06-12-2022 - ൽ മറുപടിയ്ക്ക്**

**സിഡ്കോയിലെ നിയമനം സംബന്ധിച്ച ആക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിഡ്കോയിൽ സർക്കർ ഉത്തരവിന് വിരുദ്ധമായി സർക്കാർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേയ്ക്ക് പ്രമോഷൻ അനുവദിച്ചു നൽകിയത് സംബന്ധിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ സമർപ്പിച്ച പരാതി പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രമോഷൻ നിയമവിരുദ്ധമാണെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതിക്കുമേൽ വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (സി) | വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല. വിഷയം പരിശോധിച്ചു വരുന്നതേയുള്ളു. |
| (ഡി) | മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പ് സമർപ്പിച്ച അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. |
| (ഇ) | സിഡ്കോയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 2003 മുതൽ വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് അനുവദിച്ചു നൽകിയ പ്രമോഷൻ റദ്ദ് ചെയ്യുന്നതിനും പ്രസ്തുത ഒഴിവിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**Note # 57**

അത്യാവശ്യം

E-1999402/PU D2/19/2022-Fin Department

Finance(PU D)

E-1779209/IND-F2/276/2021-IND

Dated: 26-02-2022

ഈ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായത്തോട് ധനകാര്യ വകുപ്പും യോജിക്കുന്നുവെന്നും, സിഡ്കോ എന്ന സ്ഥാപനത്തിൽ നിലവിൽ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ലാത്ത സ്റ്റാഫ് റെഗുലേഷൻ പ്രകാരം വർക്കർ തസ്തികയിൽ നിന്നും സ്റ്റാഫ് ക്യാറ്റഗറിയിൽ ഉൾപ്പെട്ട ഫോർമാൻ തസ്തികയിൽ നൽകിവരുന്ന സ്ഥാനക്കയറ്റം 28/2/11-ലെ G.O(Ms) No.66/11/IND പ്രകാരം ക്രമവിരുദ്ധമാണെന്നു ഭരണവകുപ്പ് കണ്ടെത്തിയതിനാൽ, അംഗീകൃത സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കി മാത്രം ഇനിയുള്ള നിയമനം, സ്ഥാനക്കയറ്റം മുതലായവ നടത്തേണ്ടതുള്ളു എന്ന നിർദേശം സിഡ്കോക്ക് നൽകാവുന്നതാണ് എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

കൂടാതെ, ക്രമപ്രകാരമല്ലാതെ സ്റ്റാഫ് റെഗുലേഷൻ അടിസ്ഥാനമാക്കി വർക്കർ തസ്തികയിൽ നിന്നും നേരിട്ടു ഫോർമാൻ തസ്തികയിലേക്കും ഫോർമാൻ തസ്തികയിൽ നിന്നും ടെക്നിക്കൽ സൂപ്പർവൈസർ, മാനേജർ (ടെക്നിക്കൽ) എന്നീ ഉയർന്ന തസ്തികയിലേക്കും അനുവദിച്ചു നൽകിയിട്ടുളള മുഴുവൻ പ്രൊമോഷനുകളും റദ്ദ് ചെയ്യാനും അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ഫോർമാൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിനും അനധികൃതമായി പ്രൊമോഷൻ അനുവദിച്ചത് കാരണം സിഡ്കോയ്ക്കും സർക്കാരിനും ഉണ്ടായിട്ടുളള സാമ്പത്തിക അധിക ബാധ്യത പ്രൊമോഷൻ ലഭിച്ച ജീവനക്കാരിൽ നിന്നോ, ടി പ്രൊമോഷൻ അനുവദിച്ചു നൽകിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

സെക്ഷൻ ഓഫീസർ